3194
12/2/18

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മോട്ടോർ വാഹന വകുപ്പ് -- മോട്ടോർ വാഹന വകുപ്പിൽ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്നതിനും അതുമായി ബന്ധപ്പെട്ട് തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗതാഗത (സി) വകുപ്പ്

**സ.ഉ.(കൈ) നം./11/2018/ഗതാഗതം** തീയതി, തിരുവനന്തപുരം, 09/02/2018

പരാമർശം:- ഗതാഗത കമ്മീഷണറുടെ 15.03.2017, 15.06.2017, 19.07.2017 എന്നീ തീയതികളിലെ എ1/15297/2014/റ്റി.സി നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

2017-18-ലെ സംസ്ഥാന ബഡ്ജറ്റിനുള്ള മറുപടി പ്രസംഗത്തിൽ കേരളത്തിൽ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ 6 പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പുതിയ താലൂക്കുകളിലുൾപ്പടെ 11 സ്ഥലങ്ങളിൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ സ്ഥാപിക്കുവാനുള്ള നിർദ്ദേശം ഗതാഗത കമ്മീഷണർ, പരാമർശത്തിലെ കത്തുകൾ പ്രകാരം സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വാഹനങ്ങളുടെ രജിസ്ട്രേഷനും അതുവഴി വരുമാനവും വർദ്ധിക്കുന്ന സാഹചര്യത്തിൽ, ഇരിട്ടി, നന്മണ്ട, പേരാമ്പ്ര, തൃപ്രയാർ, കാട്ടാക്കട, വെള്ളരിക്കുണ്ട് എന്നീ സ്ഥലങ്ങളിൽ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ തുടങ്ങുന്നതിനും പ്രസ്തുത ഓഫീസുകളിൽ ഓരോന്നിലും ചുവടെ പട്ടികയിൽ പറയുന്ന എണ്ണം (ആകെ 10 x 6 = 60) തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകുന്നു.

| ക്രമ നമ്പർ | തസ്തിക | ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലേക്കുള്ള തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ | 1 |
| 2 | മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ | 1 |
| 3 | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ | 2 |

| | | |
|---|---|---|
| | | |
| 4 | ഹെഡ് അക്കൗണ്ടന്റ്/<br>ഹെഡ് ക്ലാർക്ക് | 1 |
| 5 | ക്ലാർക്ക് | 3 |
| 6 | ടൈപ്പിസ്റ്റ് | 1 |
| 7 | അറ്റൻഡർ | 1 |

3) കൂടാതെ ടി ഓഫീസുകളിൽ ഓരോന്നിലും ഒരു ഡ്രൈവറുടെയും (ദിവസ വേതനം) ഒരു കാഷ്വൽ സ്വീപ്പറുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ.ആർ.ജ്യോതിലാൽ**
**പ്രിൻസിപ്പൽ സെക്രട്ടറി**

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (06.01.2018ലെ *U.O(R) നം. 606641/ഐ& പി ഡബ്ല്യു എ-1/17/ധന, പ്രകാരം)*
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ / പ്രസ് റിലീസ്) വകുപ്പ്.
(സർക്കാർ വെബ്സൈറ്റിലും, പത്രമാദ്ധ്യമങ്ങളിലും പ്രസിദ്ധീകരണത്തിന്)
പൊതുഭരണ (എസ്.സി) വകുപ്പ്.( Vide Item No. Dt. )
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ